# ബിഷപ്പ് ഡോ: മാത്യു മാക്കീൽ

L.

''മോശയെപ്പോലെ ഉത്തമനായകനും,
സാമുവേലിനെപ്പോലെ ഭക്തനും,
ദാവീദിനെപ്പോലെ ഗായകനും,
സ്ലോമോനെപ്പോലെ ജ്ഞാനിയും,
യാക്കോബിനെപ്പോലെ സുശീലനും,

ഇസഹാക്കിനെപ്പോലെ അനുസരണശീലനു''മായിരുന്നു — വി. പത്താംപീയൂസിന്റെ വാക്കുകളിൽ പറഞ്ഞാൽ''. പുണ്യപുരുഷൻ മാർ മാക്കീൽ മത്തായി മെത്രാൻ, 1857 മാർച്ച് 27–ാംനു പൂതത്തിലായ മാക്കീൽ കുടുംബത്തിൽ തൊമ്മന്റെയും അന്നയുടെയും പുത്രനായിജനിച്ചു. പ്രാഥമിക വിദ്യാഭ്യാസാനന്തരം മാന്നാനത്തു കുറെ നാൾ സുറിയാനി ഭാഷ പഠിച്ചശേഷം പുത്തൻ പള്ളി സെമിനാരിയിൽ ചേർന്നു. ''അന്യാദൃശമായ സൗകുമാര്യം, അനവദ്യമായ സൌശീല്യം, പ്രഗത്ഭമായ ഭാവനാശക്തി, ഊർജ്ജസ്വലമായ പ്രകൃതി, അഗാധമായ ബുദ്ധിശക്തി എന്നീ ഗുണങ്ങളാൽ അലംകൃതനായിരുന്നു ബ. മത്തായി ശെമ്മാശൻ എന്നു ഒരു കൈയെഴുത്തു ഗ്രന്ഥത്തിൽ അദ്ദേഹത്തെപ്പററി രേഖപ്പെടുത്തിയിട്ടുള്ളതായി കാണുന്നു.

1874 മെയ് 30–ാം തീയതി അന്നത്തെ വരാപ്പുഴ മെത്രാപ്പോലീത്താ ആയിരുന്ന അഭിവന്ദ്യ ലെയോനാർദ്ദ തിരുമേനിയിൽനിന്നും ഗുരുപ്പട്ടം സ്വീകരിക്കുകയും, ജൂൺ 8–ാം തീയതി ആഘോഷപൂർവം പ്രഥമ ദിവ്യബലി അർപ്പിക്കുകയും ചെയ്തു. ബ. മത്തായി അച്ചൻ രണ്ടു വർഷക്കാലം പുത്തൻപള്ളി സെമ്മിനാരിയിൽ സുറിയാനി മല്പാനായി സേവനം അനുഷ്ഠിച്ചു. അനന്തരം കൈപ്പുഴ, കോട്ടയം ഇടയ്ക്കാട്ട് എന്നീ പള്ളികളിൽ വികാരിയായും ജോലി ചെയ്തു. ഏതാനും നാൾ വരാപ്പുഴത്തെ കോ–അഡ്ജുത്തുർ ബിഷപ്പായിരുന്ന മോൺസിഞ്ഞോർ മാർസ്സിനോസ് മെത്രാന്റെ സെക്രട്ടറിയായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. 1887–ൽ 13–ാം ലെയോൺ മാർപ്പാപ്പാ കോട്ടയം മിസം സ്ഥാപിക്കുകയും, ഡോക്ടർ ചാറൽസ് ലവീഞ്ഞ് തിരുമേനി കോട്ടയം മിസത്തിന്റെ ഭരണഭാരം ഏറെറടുക്കുകയും ചെയ്തപ്പോൾ, സ്വയ്യപുരുഷനെ ബ്രഹ്മംഗലം സെമ്മിനാരിയിൽ ലത്തീൻ പ്രൊഫസറായി നിയമിച്ചു. അതോടുകൂടി, ബ്രഹ്മംഗലം, കടുത്തുരുത്തി വലിയപള്ളി എന്നീ രണ്ടു് ഇടവകകളുടെ വികാരിത്വ ജോലികൂടി നിർവഹിക്കുകയുണ്ടായി. 1889 സെപ്റ്റംബർ 8–ാം തീയതി ഇദ്ദേഹത്തെ വികാരി ജനറാളായി നിയമിച്ചു. ഈ ചടങ്ങ് അത്യാഘോഷപൂർവം ചരിത്രപ്രസിദ്ധമായ കടുത്തുരുത്തി വലിയ പള്ളിയിൽവച്ചാണു നടത്തപ്പെട്ടത്. വികാരി ജനറാളിനു് വടിയും മുടിയും മോതിരവും ഉപയോഗിക്കുന്നതിനും പൊന്തിഫിക്കാൾ പാട്ടു കുർബാന അർപ്പിക്കുന്നതിനും അനുമതി ലഭിച്ചിരുന്നു. കടുത്തുരുത്തി വലിയപള്ളിയിലെ അടുത്ത മൂന്നു നോയമ്പു തിരുനാളിലാണു് അദ്ദേഹം ആദ്യമായി പൊന്തിഫിക്കാൾ പാട്ടുകുർബാന ചൊല്ലുകയുണ്ടായതു്.

1896 ജൂലായി 28–ാം തീയതിയാണു് 13–ാം ലയോൺ മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു് ചങ്ങനാശേരി വികാരിയാത്തു സ്ഥാപിച്ചതു്. അതിന്റെ പ്രഥമ മെത്രാനായി 1896 ആഗസ്റ്റ് 11-ാം തീയതി അദ്ദേഹത്തെ തിരഞ്ഞെടുക്കുകയും ആ വർഷം ഒക്ടോബർ 25–ാം തീയതി കാൻഡിയിൽവച്ച് ഇൻഡ്യയുടെ ഡലിഗേററു് അപ്പസ്തോലിക്കായായിരുന്ന മോൺസിഞ്ഞോർ സലേസ്സി തിരുമേനി വികാരി ജനറാൾ മാത്യു മാക്കിലിനെ മെത്രാനായി അഭിഷേകം ചെയ്യുകയും ചെയ്തു. 1911–ൽ മാക്കീൽ മെത്രാനച്ചൻ, സെക്രട്ടറി ചൂളപ്പറമ്പിൽ ബ. ജോസഫ് ചാണ്ടി അച്ചനും, വട്ടക്കളത്തിൻ ബ. മത്തായി അച്ചനും ഒരുമിച്ചു റോമിൽ പോയി പത്താം പീയൂസ് മാർപ്പാപ്പാ തിരുമേനിയെ മുഖം കാണിക്കുകയും, പലസ്തീനാ തുടങ്ങിയ തിരുസ്ഥലങ്ങൾ സന്ദർശിക്കുകയും ഉണ്ടായി. 15 വർഷക്കാലം ചങ്ങനാശേരി മിസ്സത്തിന്റെ മേലദ്ധ്യക്ഷനായി സ്തുത്യർഹമാംവിധം ഭരണം നടത്തിയശേഷം 1911 ആഗസ്റ്റ് 29–ാം തീയതി പത്താം പീയൂസ് മാർപ്പാപ്പാ കോട്ടയം മിസ്സം പുന:സ്ഥാപിച്ചപ്പോൾ അദ്ദേഹം കോട്ടയത്തേക്കു നിമിതനാകയും, കോട്ടയം പട്ടണം കേന്ദ്രസ്ഥാനമാക്കി ഭരിച്ചുകൊണ്ടിരിക്കയും ചെയ്യുംവ, 1914 ജനുവരി 26–ാം തീയതി കാലം ചെയ്യുകയാണുണ്ടായതു്. (ജനുവരി 26 ഇപ്പോൾ റിപ്പബ്ലിക്ക്ദിനം കൂടിയാണല്ലൊ.) തിരുമേനിയെ കബറടക്കം ചെയ്തിട്ടുള്ളതു് കോട്ടയത്തെ അന്നത്തെ ഭദ്രാസന ദൈവാലയമായ ഇടയ്ക്കാട്ടു പള്ളിയിലാണു്.

തിരുമേനിയുടെ മരണവാർത്തയറിഞ്ഞപ്പോൾ കോട്ടയം മിസ്സത്തിന്റെ വികാരി അപ്പസ്തോലിക്കായും, ത്രാലേസ് ദിക്കിന്റെ മെത്രാനുമായ മാക്കീൽ മാർ മത്തായി മെത്രാൻ പ്രായാധിക്യത്താലല്ല, പിന്നെയൊ പുണ്യവർദ്ധനവിന്റെ കൂടുതൽ ഭാരത്താൽ നമ്മുടെ കർത്താവിൽ നിദ്ര പ്രാപിച്ചു.'' വെന്നു് 10–ാം പീയൂസ് പാപ്പായും, ''എന്റെ ഉത്തമനും, യോഗ്യനുമായ പ്രിയമുള്ള സുഹൃത്തും തിരുവിതാംകൂർ സംസ്ഥാനത്തെ അതിവിലപിടിച്ച ദേഹവുമായിരുന്നു ബിഷപ്പ് മാക്കീൽ'' എന്നു് അന്നത്തെ ദിവാൻജിയായിരുന്ന സർ രാജഗോപാലാചാരിയും പ്രസ്താവിക്കുകയുണ്ടായി.

ചങ്ങനാശേരി മിസ്സത്തിൽനിന്നും പിരിഞ്ഞു് കോട്ടയം വികാരിയാത്തു പുന:സ്ഥാപിച്ച ബിഷപ്പ മാക്കീൽ കോട്ടയത്തു താമസമാക്കിയ കാര്യങ്ങളും മററും

പ്രതിപാദിച്ചുകൊണ്ടു് ഒരു ചരിത്രപണ്ഡിതനായ ശ്രീ ചാഴികാട്ടു് ജോസഫ്, മാക്കീൽപിതാവിന്റെ 50-ാം ചരമവാർഷികദിനത്തിൽ പ്രസിദ്ധീകരിച്ചിരുന്ന ഒരു ലേഖനഭാഗംകൂടി ചേർത്തുകൊണ്ടു് ഇതു ഉപസംഹരിച്ചുകൊള്ളാം.

എ. ഡി. 1911-ൽ ചങ്ങനാശ്ശേരി വികാരിയാത്തിൽ ഗണ്യമായ ഒരു പരിവർത്തനമുണ്ടായി. തെക്കുംഭാഗക്കാരനായ മാർ മത്തായി വടക്കുംഭാഗരുടെയും മെത്രാനായി നിയമിക്കപ്പെട്ടതിൽ ചങ്ങനാശ്ശേരിയിലെ വടക്കുംഭാഗക്കു തീവ്രമായ അതൃപ്തിയുണ്ടായിരുന്നു. അതുവരെ സമുദായത്തിന്റെ അന്തർഭാഗത്തു നിമഗ്നമായി, വിവക്തമായി വ്യാപരിച്ചുകൊണ്ടിരുന്ന ഈ അതൃപ്തി 1911-ൽ പ്രത്യേക കാരണങ്ങളാൽ ജനസമൂഹങ്ങളുടെ ഇടയിൽ പ്രത്യക്ഷമായും രൂക്ഷമായും വ്യാപരിച്ചുതുടങ്ങി. വികാരിയാത്തിന്റെ ഭരണം മാർ മത്തായിക്കു വളരെ ദുഷ്ക്കരമായിത്തീർന്നു. ഈ ദോഷത്തിൽനിന്നും ബുദ്ധിമാനായ മാർ മത്തായി ഒരു ഗുണത്തെ സമ്പാദിച്ചു, തെക്കുംഭാഗക്കായി പ്രത്യേകമൊരു വികാരിയാത്തു സ്ഥാപിക്കണമെന്നും ആ വികാരിയാത്തിന്റെ ആസ്ഥാനം ചങ്ങനാശ്ശേരിയിൽനിന്നു മാററണമെന്നും അഭ്യർത്ഥിക്കുന്നതായ ഒരു ഹർജി, മൂന്നു സുറിയാനി മെത്രാന്മാരുംകൂടി റോമാസിംഹാസനത്തിൽ സമർപ്പിച്ചു. ഈ അഭ്യർത്ഥന റോമാ സിംഹാസനം സ്വീകരിക്കുകയും 1911 ഓഗസ്റ്റു് 29-ാംനു തെക്കുംഭാഗക്കായി കോട്ടയം വികാരിയാത്തു സ്ഥാപിക്കുന്നതായ തിരുവെഴുത്തു പുറപ്പെടുവിക്കുകയും ചെയ്തു. "റോമാ സിംഹാസനത്തിന്റെ ഈ തീരുമാനം തെക്കുംഭാഗ സമുദായത്തിനു് അഭിമാനത്തിന്റെയും അഭ്യുദയത്തിന്റെയും കവാടമായിരുന്നു'' (പണ്ഡിതനായ ശ്രീ ഐ. സി. ചാക്കോയുടെ "മാർ ളൂയിസ് പഴയപറമ്പിൽ ജീവിതവും കാലവും'' 611-ാം പുറം) മേൽ വിവരിച്ച അഭിപ്രായത്തിൽ വിവരിച്ചിരിക്കുന്ന (റോമാ സിംഹാസനത്തിന്റെ ഈ തീരുമാനം ചുവടേ ചേർത്തുകൊള്ളുന്നു.) പൗരസ്ത്യ റീത്തുകളുടെയും ക്രിസ്തീയ വിശ്വാസപ്രമാണത്തിന്റെയും സംഘങ്ങളുടെ അധിപരായ അഭിവന്ദ്യ കർദ്ദിനാളന്മാരുമായി നാം ഗൗരവമായും സൂക്ഷ്മമായും ആലോചന നടത്തിയതിൽ മേൽ വിവരിച്ച മൂന്നു വികാരി അപ്പസ്തോലിക്കാമാരും ചേർന്നു് ആലോചിച്ചു് നമ്മുടെ മുമ്പാകെ ഈ ആണ്ടു് മാർച്ചുമാസം ഒന്നാം തീയതി ബോധിപ്പിച്ച അപേക്ഷയിൽ രേഖപ്പെടുത്തിയിരുന്ന പ്രകാരം ഒരു പുതിയ വികാരിയാത്തു സ്ഥാപിക്കേണ്ടതു അവിടങ്ങളിലെ വിശ്വാസികളുടെ ആത്മികഗുണവർദ്ധനവിനും ഭിന്നാഭിപ്രായക്കാരുടെ സമാധാനത്തിനും ആവശ്യമെന്നു നമുക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നതിനാൽ നാം അവരുടെ അപേക്ഷ കരുണാപുരസ്സരം സ്വീകരിച്ചുകൊണ്ടു് നമുക്കു് അവിടത്തെ ജനങ്ങളോടുള്ള സംതൃപ്തിക്കു സാക്ഷിയായി കോട്ടയമെന്നു സാധാരണ വിളിച്ചുവരുന്ന പട്ടണത്തിൽ ഒരു പുതിയ വികാരിയാത്തു സ്ഥാപിക്കുന്നതിനു നാം അനുമതി നൽകുന്നു.''

"നാം നമ്മുടെ പരമാധികാരം പ്രയോഗിച്ചുകൊണ്ടു തെക്കുംഭാഗരുടെ സകല പള്ളികളും വേർപെടുത്തി കോട്ടയമെന്ന പുതിയ വികാരിയാത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ ചങ്ങനാശ്ശേരി വികാരിയാത്തിൽ ഉൾപ്പെട്ട കോട്ടയം, കടുത്തുരുത്തി ഈ ഡിവിഷനുകളിലുൾപ്പെട്ട സകല പള്ളികളും കപ്പേളകളും, എറണാകുളം വികാരിയാത്തിൽപെട്ട തെക്കുംഭാഗരുടെ സകല പള്ളികളും ഈ പുതിയ വികാരിയാത്തിൽ ഉൾപ്പെടുന്നതാണു്. ഈ കല്പനയുടെ ഫലം പരിപൂർണ്ണമായി പ്രയോഗത്തിൽ വരുത്തണമെന്നും ഈ കല്പന ഇന്നും മേലാലും ആരെ എല്ലാം സ്പർശിക്കുമോ അവരെല്ലാവരും ഈ കല്പനയെ പരിപൂർണ്ണമായി എല്ലാ സംഗതിയിലും കീഴ്പ്പെട്ടു സ്വീകരിക്കണമെന്നും നാം ആഗ്രഹിക്കുകയും തീരുമാനിക്കുകയും ചെയ്യുന്നു.''

എന്നു റോമായിൽ വിശുദ്ധ പത്രോസിന്റെ സ്ഥാനത്തുനിന്നുകൊണ്ടു് നമ്മുടെ ഭരണത്തിന്റെ ഒൻപതാം സംവത്സരം 1911 ആഗസ്റ്റ് 29.

പത്താംപീയൂസ് മാർപ്പാപ്പാ

(ഒപ്പ്)


**K. J. MATHEW & SONS, (KOCHENAYIL)**

Timber Merchants and Horizontal Band Saw and Vertical Band Saw and Round Saw Power Mill Operators.

Head Office:
Valiangady, Kottayam
Telephone : Resi 3301
Office 3569

Branch:
Thevara
Cochin 13
Telephone 32817

We supply round logs of all classes of Teak, Anjili, Jackwood, Erul, Unnam, Kambakom, Venga, Venteak, Myla, Thanni, Maruth etc.